'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഡയറക്ടറായ ശ്രീമതി ആശാ വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണവകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് - ഹൗസിംഗ് അർബൻ ഡയറക്ടറുടെ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1733/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/08/2019

---

പരാമർശം:- 1 09/07/2015 തീയതിയലെ സ.ഉ(സാധാ)നം.2091/15/തസ്വഭവ ഉത്തരവ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.03.2018-ലെ

6647/എൽ/2015/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം അർബൻ ഹൗസിംഗ് മിഷന്റെ ഡയറക്ടറായി ചുമതല വഹിച്ചിരുന്ന പ്രോഗ്രാം ഓഫീസർ(അർബൻ) ശ്രീ.ബിനു ഫ്രാൻസിസ് കുടുംബശ്രീയിൽ നിന്നും വിടുതൽ ചെയ്ത സാഹചര്യത്തിൽ, ഹൗസിംഗ് മിഷൻ പദ്ധതികൾക്കുള്ള ഫണ്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും നിലവിൽ കുടുംബശ്രീ ഡയറക്ടറായ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. ആശ വർഗ്ഗീസിന് കുടുംബശ്രീയുടെ തന്നെ കീഴിലുള്ള ഹൗസിംഗ് അർബൻ ഡയറക്ടറുടെ അധികചുമതല നൽകി ഉത്തരവുണ്ടാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കുടുംബശ്രീ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. ആശ വർഗ്ഗീസിന് കുടുംബശ്രീയുടെ തന്നെ കീഴിലുള്ള ഹൗസിംഗ് അർബൻ ഡയറക്ടറുടെ അധികചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പൊതുഭരണ സർവ്വീസസ്(സ്പെഷ്യൽ-ബി)വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ